**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷ സൂചികയിൽ സംസ്ഥാനത്തിന് ദേശീയ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷ സൂചികയിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിക്കുകയുണ്ടായോ; | (എ) | 2021-22 കാലയളവിൽ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ കേരളത്തിന് ആറാം സ്ഥാനം ലഭിയ്ക്കുകയുണ്ടായി. ഇത് കൂടാതെ Eat Right Challenge ൽ പങ്കെടുത്ത രാജ്യത്തെ 187 നഗരങ്ങളിൽ കേരളത്തിൽ നിന്നും പങ്കെടുത്ത തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ 4 ജില്ലകളും മുൻ നിരയിലെത്തി. ഇതിനായുള്ള പ്രശംസാ പത്രം ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയിൽ നിന്നും ലോക ഭക്ഷ്യസുരക്ഷാ ദിനമായ ജൂൺ 7 ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഏറ്റുവാങ്ങി. |
| (ബി) | വിപണനത്തിനായി ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്യുന്ന സ്ഥാപനങ്ങളും അവ വിപണനം നടത്തുന്നവയുമെല്ലാം ഭക്ഷ്യ സുരക്ഷ നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ എടുത്തിരിക്കണമെന്ന വ്യവസ്ഥ നിരവധി സ്ഥാപനങ്ങൾ പാലിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ കർശന നടപടി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം വിപണനത്തിനായി ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്യുന്ന സ്ഥാപനങ്ങളും അവ വിപണനം നടത്തുന്നതുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/ വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യസുരക്ഷാ<br><br>ലൈസൻസ് /രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുക്കാതെ സംസ്ഥാനത്ത് പല സ്ഥാപനങ്ങളും ഭക്ഷണ പദാർത്ഥങ്ങൾ സംസ്ഥാനത്ത് വിൽപന |

| | | | |
|---|---|---|---|
| | | | നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം **2006** പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ലൈസൻസ് രജിസ്ട്രേഷൻ മേളകൾ നടത്തിവരുന്നു.<br><br>ലൈസൻസും ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷ കാലയളവിൽ **51313** സ്ഥാപനങ്ങൾ പരിശോധിക്കുകയും, **10512** സാമ്പിളുകൾ ശേഖരിക്കുകയും, **6646** സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, **1,00,71,250/- രൂപ (ഒരു കോടി എഴുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അൻപത് രൂപ)** പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.കൂടാതെ **648** അഡ്ജ്യൂഡിക്കേഷൻ കേസുകളും, **394** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യവും മാംസവും വ്യാപകമായി വിപണനം ചെയ്യപ്പെടുന്നത് തടയാൻ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ പിഴ ഈടാക്കുന്നതിന് പുറമെ പ്രോസിക്യൂഷൻ നടപടികൾ ശക്തിപ്പെടുത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ; | (സി) | ഉണ്ട്. കേരളത്തിൽ വിപണനം നടത്തുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മത്സ്യം, മാംസം എന്നിവയുടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി **'ഓപ്പറേഷൻ മത്സ്യ'** എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 22/06/2022 വരെ **5549** മത്സ്യ പരിശോധനകൾ നടത്തുകയും, **2797** സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും **131** വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് |

| | | | |
|---|---|---|---|
| | | | നൽകുകയും **17283** കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതുകൂടാതെ പല ഹോട്ടലുകളിൽ നിന്നും മാംസ വിഭവങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കുകയും അവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മാംസം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2022 മെയ് മുതൽ നാളിതുവരെ **5605** പരിശോധനകൾ നടത്തുകയും, **548** സർവ്വയിലൻസ് സാമ്പിളുകളും **119** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിക്കുകയും, ഭക്ഷ്യ യോഗ്യമല്ലാത്ത **436 കിലോഗ്രാം** പാചകം ചെയ്തതും അല്ലാത്തതുമായ മാംസം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഭക്ഷ്യ സുരക്ഷ പരിശോധന വ്യാപകമാക്കുന്നതിന് സഞ്ചരിക്കുന്ന ലബോറട്ടറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്**.** കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി **14** ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ **(Food Safety on Wheels)** സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു**.** ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം**.** പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടി വെള്ളം**,** പാൽ**,** ഭക്ഷ്യ എണ്ണ**,** എന്നിവ ടി ലബോറട്ടറികളിൽ എളുപ്പത്തിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത**.** കൂടാതെ **IEC** പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ടി ലാബുകൾ ഉപയോഗിച്ച് വരുന്നു**.** |

സെക്ഷൻ ഓഫീസർ